## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 861**

**28.09.2011 ൽ മറുപടിയ്ക്ക്.**

## ഐ.ടി.ഡി.പി പ്രോജക്ട് പട്ടികവർഗ്ഗ വികസന വകുപ്പിൻകീഴിൽ കൊണ്ടുവരാൻ നടപടി

| ചോദ്യം<br>ശ്രീ. എ. കെ. ബാലൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. കെ. രാധാകൃഷ്ണൻ | മറുപടി<br>ശ്രീമതി പി കെ ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) അട്ടപ്പാടിയിലെ ഐ.ടി.ഡി.പി. പ്രോജക്ട് ഓഫീസർ, ഗ്രാമവികസന വകുപ്പിന്റെ കീഴിലാണ് പ്രവർത്തിച്ചുവരുന്നതെന്നറിയാമോ ; | (എ) അറിയാം |
| (ബി) എങ്കിൽ പട്ടികവർഗ്ഗ വികസനത്തിനുള്ള ഫണ്ട് വിനിയോഗത്തിന് ഇത് തടസ്സമാകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; അട്ടപ്പാടി ഐ.റ്റി.ഡി.പി. ഓഫീസ് ഗ്രാമവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നത് കാരണം പട്ടികവർഗ്ഗ വികസനത്തിനുള്ള ഫണ്ട് വിനിയോഗത്തിന് വളരെയധികം തടസ്സം നേരിടുന്നുണ്ട്. ഈ വിഷയം ഭരണഘടന സ്ഥാപനമായ അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസും കേരള സർക്കാരിന്റെ ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ് നടത്തിയ വർക്ക് സ്റ്റഡിയിലും ഊന്നിപ്പറയുന്നുണ്ട്. |
| (സി) അട്ടപ്പാടിയിലെ ഐ.ടി.ഡി.പി. പ്രോജക്ട് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ? | (സി) അട്ടപ്പാടി ഐ.റ്റി.ഡി.പി. ഓഫീസിനെ പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ കൊണ്ട് വരുന്നത് സംബന്ധിച്ച് പട്ടിക വർഗ്ഗ വികസന വകുപ്പു ഡയറക്ടർ സർക്കാരിനു സമർപ്പിച്ചിരുന്ന സമഗ്രമായ പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചുവരികയാണ് |

സെക്ഷൻ ഓഫീസർ